# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

**ജി എം എൽ പി സ്കൂൾ**

**എടക്കുളം**

## അറിവിന്റെ അടിത്തറ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി എം എൽ പി സ്കൂൾ എടക്കുളം |
| മേൽവിലാസം | : | തിരുനാവായ po<br>എടക്കുളം<br>676301 |
| ഫോൺ | : | 9447827815 |
| സ്കൂൾ കോഡ് | : | 19707 |
| വിദ്യാഭ്യാസ ഉപജില്ല | : | തിരൂർ |
| വിദ്യാഭ്യാസ ജില്ല | : | മലപ്പുറം |
| ബി ആർ സി | : | തിരൂർ |
| ഇ-മെയിൽ വിലാസം | : | edakkulamgmlps@gmail.com |

# സ്കൂൾ ചരിത്രം

ഒരു നൂറ്റാണ്ടിലധികമായി എടക്കുളത്തിന്റെയും പരിസരപ്രദേശങ്ങളുടെയും വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി അക്ഷീണം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനമാണ് എടക്കുളം ജി എം എൽ പി സ്കൂൾ. ഓത്തുപള്ളിയായ് ആരംഭിച്ച സ്ഥാപനം പിന്നീട് ഡിസ്ട്രിക്ട് ബോർഡിന്റെ അംഗീകാരം നേടുകയായിരുന്നു. 1911 സ്ഥാപിതമായ സ്ഥാപനം 10 പതിറ്റാണ്ടുകാലം പൂർണ്ണമായും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത് പരേതനായ ബിപി രായിൻകുട്ടി ഹാജിയുടെ കുടുംബം സർക്കാരിലേക്ക് വിട്ടുനൽകിയ 10 സെന്റ് ഭൂമിയിലാണ് സ്കൂളിന് സ്വന്തമായി കെട്ടിടം ഉയർന്നത് ഇതോടെ പ്രൈമറി തൊട്ട് പല പല ക്ലാസുകളും പുതിയ കെട്ടിടത്തിലേക്ക് മാറി എന്നാൽ സ്ഥലപരിമിതി മൂലം സ്കൂളിന് വാടക കെട്ടിടങ്ങളെ ഭാഗികമായി ആശ്രയിക്കേണ്ടി വന്നു 2018 ലെ തപാൽ ദിനത്തിൽ വിദ്യാർത്ഥികൾ മുഖ്യമന്ത്രിക്ക് അയച്ച കത്തിനെ തുടർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഇരുനില കെട്ടിടം വിദ്യാലയത്തിൽ ലഭിച്ചു.. നിരവധി പ്രഗത്ഭരായ പ്രധാന അധ്യാപകരുടെ സേവനം സ്കൂളിന് ലഭിച്ചിട്ടുണ്ട്. ഇന്ന് സമൂഹത്തിന്റെ ഉന്നതിയിൽ നിൽക്കുന്ന പല വ്യക്തികളുടെയും പ്രാഥമിക വിദ്യാഭ്യാസം നമ്മുടെ ഈ സ്കൂളിലായിരുന്നു.

എടക്കുളത്തിന്റെ മഹിമ ഉയർത്തിക്കൊണ്ട് നമ്മുടെ സ്കൂൾ ഇന്നും അതിന്റെ ജൈത്ര യാത്ര തുടർന്നുകൊണ്ടിരിക്കുന്നു.

# ആമുഖം

കുട്ടിയുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വെയ്ക്കുന്നത് .എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ ,സ്വതന്ത്ര്യ രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട് .അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനൊപ്പം കുട്ടിയുടെ ശാരീരിക വൈകാരിക മാനസിക നേട്ടങ്ങൾ കൂടി കൈവരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം വെയ്ക്കുന്നത്. സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഈ അധ്യയന വർഷത്തിൽ ജൂൺ മുതൽ മാർച്ച് വരെ നടപ്പിൽ വരുത്തുന്നതും തുടർപ്രവർത്തന സാധ്യത ഉള്ളതുമായ പ്രവർത്തനങ്ങൾ ആണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് .

# വിഷൻ

- ➔ ഉയർന്ന വിദ്യാഭ്യാസത്തിന് ആവശ്യമായ അടിസ്ഥാന ശേഷികളായ ലേഖനം വായന ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര ആശയങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുന്നു.
- ➔ 80% കുട്ടികളെ ശരാശരി നിലവാരത്തിനും മുകളിലേക്ക് ഉയർത്തുന്നു .
- ➔ എല്ലാ കുട്ടികളിലും ഇംഗ്ലീഷ് ഭാഷാ നൈപുണി വളർത്തുന്നു.
- ➔ ഹരിത ക്യാമ്പസ് .
- ➔ ക്ലാസ് ലൈബ്രറി ലാബ് എന്നിവ ഉപയോഗപ്പെടുത്തിയുള്ള പഠനം സാധ്യമാക്കുന്നു.
- ➔ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളിൽ വളർത്തുന്നു.

## മിഷൻ

- ഓരോ കുട്ടിയുടെയും നിലവാരത്തിനനുസരിച്ചുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കൽ
- 75% കുട്ടികൾ എൽഎസ്എസ് നേടുന്നു
- സെൽഫ് ഡിസിപ്ലിൻ, ഡിജിറ്റൽ ഡിസിപ്ലിൻ എന്നിവ കുട്ടികൾ സ്വായത്തമാക്കുന്നു
- സോഷ്യലൈസേഷൻ ജീവിതമൂല്യങ്ങൾ ഇവ അനുഭവങ്ങളിലൂടെ കുട്ടി നേടിയെടുക്കുന്നു
- ക്ലാസ് ലൈബ്രറി രൂപീകരിച്ച കുട്ടികളിൽ വായനാശീലം വളർത്തുന്നു
- ടെക്നോളജി ഉപയോഗിച്ചുള്ള ക്ലാസ് അന്തരീക്ഷം സൃഷ്ടിക്കൽ
- രക്ഷിതാക്കളും സമൂഹവും സ്കൂളുമായുള്ള ബന്ധം ശക്തിപ്പെടുത്തൽ
- ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ധൈര്യവും ആത്മവിശ്വാസവും പ്രാപ്തിയും വളർത്തിയെടുക്കുന്നു.
- കോ കരിക്കുലാർ ആക്ടിവിറ്റീസിലൂടെ കുട്ടികളുടെ കഴിവും താൽപര്യവും പ്രോത്സാഹിപ്പിക്കുന്നു

## അക്കാദമികം

| പദ്ധതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| റീഡിങ് അവർ - എല്ലാ ആഴ്ചയിലും വായനയ്ക്കായി ഒരു പീരിയഡ് നൽകുന്നു | 10 മാസം | അധ്യാപകർ ,വിദ്യാർത്ഥികൾ | nil |
| ബാലസഭ - വെള്ളിയാഴ്ച്ച അവസാനത്തെ പീരിയഡ് കുട്ടികളുടെ കലാപ്രകടനങ്ങൾക്കായി അവസരം നൽകുന്നു | 10 മാസം | അധ്യാപകർ ,വിദ്യാർത്ഥികൾ | nil |
| റിസോഴ്സ് പേഴ്സൺ ക്ലാസ് - മാസത്തിൽ ഒരിക്കൽ ദിനാചരണത്തോടനുബന്ധിച്ചോ അല്ലാതെയോ റിസോഴ്സ് പേഴ്സൺ ക്ലാസ് സംഘടിപ്പിക്കുന്നു<br>നാടക കളരി<br>മധുരം മലയാളം<br>യോഗ ക്ലാസ്<br>ലീഡർഷിപ് ക്ലാസ്<br>മാത്സ് മാജിക്<br>സ്പോർട്സ് ട്രെയിനിങ്<br>അഭിനയക്കളരി<br>അബാക്കസ് ട്രെയിനിങ്<br>ഈസി ഇംഗ്ലീഷ്<br>പ്രഥമശുശ്രൂഷ | 10 മാസം | അധ്യാപകർ , PTA, SMC | 10000 |
| AI ട്രെയിനിങ് - ജൂലൈ | 9 മാസം | അധ്യാപകർ , PTA, | 5000 |

| | | | |
|---|---|---|---|
| **മാസം മുതൽ AI കുട്ടികൾക്കായി ട്രെയിനിങ് ക്ലാസുകൾ സംഘടിപ്പിക്കുന്നു** | | SMC | |
| **പുസ്തകപ്പുര - പുസ്തകപ്പുര രക്ഷിതാക്കൾക്ക് സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ സ്കൂളിൽ വന്നു പരമാവധി പ്രയോജനപ്പെടുത്താൻ ഒരിടം ഒരുക്കുന്നു** | ജൂലൈ മുതൽ | അധ്യാപകർ , PTA, SMC, Club members | 25000 |
| **പത്രവായന, പത്രക്വിസ് - സ്കൂളിൽ പത്രം ലഭ്യമാക്കി പത്രവായന പ്രോത്സാഹിപ്പിക്കുന്നു . പത്രക്വിസ് നടത്തുന്നു { 2 - 3 } തവണ** | 10 മാസം | അധ്യാപകർ , PTA, SMC, Club members | 10000 |
| **ഒരു ദിനം ഒരറിവ് - ദിവസവും ഒരു പൊതുവിജ്ഞാന ചോദ്യം ക്ലാസ് അടിസ്ഥാനത്തിൽ നൽകുന്നു. മാസത്തിൽ ക്വിസ് മത്സരം നടത്തുന്നു.** | 10 മാസം | വിദ്യാർത്ഥികൾ അധ്യാപകർ , | nil |
| **ഇംഗ്ലീഷ് ഡേ - അധ്യയനവർഷത്തിൽ 1 - 2 ദിവസം സ്കൂളിലെ മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷ് ഭാഷയിൽ** | September,january | Teachers,വിദ്യാർത്ഥികൾ | nil |

| | | | |
|---|---|---|---|
| ആക്കുന്നു | | | |
| **one day one word – Giving one english word daily with its meaning.** | 10 month | Teachers | nil |
| ഒന്നാം ക്ലാസ് ഒന്നാന്തരം - അധ്യയന വർഷാവസാനം എത്തുമ്പോഴേക്കും ക്ലാസിലെ മുഴുവൻ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുന്നു | 10 മാസം | അധ്യാപകർ ,രക്ഷിതാക്കൾ,SMC,PTA | 5000 |
| അസ്സംബ്ലി - K G - ഒന്നാംക്ലാസ്, 2 -3 , 4 എന്നിങ്ങനെ മൂന്ന് യൂണിറ്റ് ആയി തിരിഞ്ഞു അസംബ്ലി നടത്തുന്നു . മാസത്തിൽ ഒരു ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | 10 മാസം | അധ്യാപകർ ,വിദ്യാർത്ഥികൾ | nil |
| കുട്ടിപ്പോലീസ് - മുതിർന്ന കുട്ടികളെ സ്കൂൾ അച്ചടക്കത്തിനു നേതൃത്വം നല്കാൻ നിയോഗിക്കുന്നു. | 10 മാസം | അധ്യാപകർ ,വിദ്യാർത്ഥികൾ | nil |
| ബെസ്ററ് ഹാൻഡ് റൈറ്റർ അവാർഡ് - ഓരോ മാസത്തിലും നല്ല ഹാൻഡ്റൈറ്റിങ്ങിന് ക്ലാസ് തലത്തിൽ | 10 മാസം | അധ്യാപകർ, PTA,വിദ്യാർത്ഥികൾ | 5000 |

| | | | |
|---|---|---|---|
| **സമ്മാനം നൽകുന്നു** | | | |
| **ക്ലീൻ ക്ലാസ് റൂം - വൃത്തിയായി സൂക്ഷിക്കുന്ന ക്ലാസ് റൂമിന് മാസത്തിൽ സമ്മാനം നൽകുന്നു.** | 10 മാസം | അധ്യാപകർ,വിദ്യാർത്ഥികൾ | 5000 |
| **വേസ്റ്റ് മാനേജ്മെന്റ് - മാലിന്യങ്ങൾ ജൈവം അജൈവം എന്നിങ്ങനെ തിരിച്ചു സംസ്കരിക്കുന്നു** | 10 മാസം | അധ്യാപകർ,വിദ്യാർത്ഥികൾ | 5000 |
| **പിറന്നാൾ സമ്മാനം - പിറന്നാളിന് സ്കൂളിന് ഒരു ചെടി/ പുസ്തകം സമ്മാനിക്കുന്നു** | 10 മാസം | അധ്യാപകർ,വിദ്യാർത്ഥികൾ | nil |
| **ഇന്നത്തെ ചിന്താവിഷയം - ദിവസവും രാവിലെ ക്ലാസിൽ ഒരു ചിന്താവിഷയം വീതം ചർച്ച ചെയ്യുന്നു** | 10 മാസം | അധ്യാപകർ,വിദ്യാർത്ഥികൾ | nil |
| **സ്കൂൾ പത്രം - മാസത്തിൽ ഒരു പത്രം വീതം തയ്യാറാക്കുന്നു** | 10 മാസം | അധ്യാപകർ, വിദ്യാർത്ഥികൾ | 2500 |
| | | | |

## ഭൗതികം

| **പദ്ധതി** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|

| | | | |
|---|---|---|---|
| ഹാൾ - മീറ്റിങ്ങുകൾ നടത്തുന്നതിനായുള്ള ഹാൾ സൗകര്യം | | SMC, PTA | 100000 |
| ചിൽഡ്രൻസ് പാർക്ക്- പ്രീ പ്രൈമറി കുട്ടികൾക്കായുള്ള കളിസ്ഥലം | | SMC,PTA, Punchayath | 200000 |
| വാഹനസൗകര്യം - സ്കൂളിനായുള്ള വാഹനങ്ങൾ ലഭ്യമാക്കുക | | SMC,PTA, Punchayath | 50000 |
| ഹരിത ക്യാമ്പസ് - സ്കൂൾ ക്യാമ്പസ് ഹരിതാഭമാക്കുക | | SMC,PTA, Punchayath, Club | 15000 |